"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കേരഫെഡ് - റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ, കേരഫെഡിൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച വരുന്ന ശ്രീമതി.ജിഷ.കെ.മാത്യുവിന്റെ അന്യത്ര സേവനവ്യവസ്ഥ പ്രകാരമുള്ള നിയമന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (പി.യു) വകുപ്പ്**

സ.ഉ.(സാധാ) നം.982/2024/AGRI തീയതി,തിരുവനന്തപുരം, 17-10-2024

പരാമർശം:-
1. സ.ഉ.(സാധാ) നം.809/2022/AGRI തീയതി. 15/09/2022
2. സ.ഉ.(സാധാ) നം 971/2023/AGRI തീയതി. 07/10/2023
3. ശ്രീമതി.ജിഷ.കെ.മാത്യു സമർപ്പിച്ച 14/05/2024-ലെ അപേക്ഷയും, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05/09/2024-ലെ നിരാക്ഷേപ പത്രവും
4. കേരഫെഡ് മാനേജിംഗ് ഡയറക്ടറുടെ 08/09/2024-ലെ KFD/612/2024-ADM1/533 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ, റാന്നി പഴവങ്ങാടി ഗ്രാമ പഞ്ചായത്തിൽ ക്ലാർക്കായി സേവനമനുഷ്ഠിച്ച് വന്നിരുന്ന ശ്രീമതി.ജിഷ.കെ.മാത്യുവിനെ, കേരഫെഡ് ഹെഡ് ഓഫീസിൽ നിലവിലുണ്ടായിരുന്ന അസിസ്റ്റന്റ് തസ്തികയിലെ ഒഴിവിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നതും, പരാമർശം (2) പ്രകാരം ടിയാരിയുടെ അന്യത്ര സേവന കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നതുമാണ്.

നിലവിൽ ശ്രീമതി.ജിഷ.കെ.മാത്യുവിന്റെ അന്യത്ര സേവന കാലയളവ് 26/09/2024-ൽ അവസാനിക്കുകയാണെന്നും, ഒരു വർഷത്തേയ്ക്ക് കൂടി കാലാവധി നീട്ടി നൽകണമെന്നുള്ള ടിയാരിയുടെ അപേക്ഷയും, ടിയാരിയ്ക്ക് 27/09/2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനായുള്ള കേരഫെഡ് ഭരണ സമിതി തീരുമാനത്തിന്റെ പകർപ്പും, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നിരാക്ഷേപ പത്രവും ലഭ്യമാക്കികൊണ്ട് ടിയാരിയുടെ കേരഫെഡിലെ അന്യത്ര സേവന വ്യവസ്ഥ പ്രകാരമുള്ള നിയമന കാലാവധി ദീർഘിപ്പിച്ച നൽകുവാൻ പരാമർശം (4) പ്രകാരം കേരഫെഡ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. ജിഷ.കെ. മാത്യു സമർപ്പിച്ച അപേക്ഷയും, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നിരാക്ഷേപപത്രവും, കേരഫെഡ് ഭരണ സമിതിയുടെ 30/07/2024-ലെ 18/34 നമ്പർ തീരുമാനവും, കേരഫെഡ് മാനേജിംഗ് ഡയറക്ടറുടെ ശുപാർശയും കണക്കിലെടുത്ത്, തദ്ദേശ സ്വയംഭരണ വകുപ്പിനു

കീഴിൽ, റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായ ശ്രീമതി ജിഷ. കെ. മാത്യു-വിന്റെ കേരഫെഡിലെ അസിസ്റ്റന്റ് തസ്തികയിലുള്ള അന്യത്ര സേവന വ്യവസ്ഥ പ്രകാരമുള്ള നിയമന കാലാവധി 27/09/2024 മുതൽ ഒരു വർഷം വരെയോ, അല്ലെങ്കിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന പ്രസ്തുത തസ്തികയിൽ സ്ഥിരം നിയമനം നടത്തുന്നത് വരെയോ (ഏതാണോ ആദ്യം) ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

1. മാനേജിങ് ഡയറക്ടർ, കേരഫെഡ്
2. ശ്രീമതി ജിഷ. കെ. മാത്യു, അസിസ്റ്റന്റ്, കേരഫെഡ് (മാനേജിങ് ഡയറക്ടർ മുഖാന്തിരം)
3. എല്ലാ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും (മാനേജിങ് ഡയറക്ടർ മുഖാന്തിരം)
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ.പി.ഒ, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) ) കേരള
6. വെബ് & ന്യൂ മീഡിയ, ഐ & പി.ആർ വകുപ്പ്.
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Premchand C P
Date: 17-10-2024 11:50:31
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു കൃഷി മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്